# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.446

## 29-05-2019 ൽ മറുപടിക്ക്

### മസാല ബോണ്ടുകൾ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| --- | --- |
| (എ) കിഫ്ബിയിലേക്ക് മസാല ബോണ്ടുകൾ വഴി എത്ര കോടി രൂപയാണ് ലഭിക്കുകയെന്നറിയിക്കുമോ; | കിഫ്ബി നിലവിൽ പുറത്തിറക്കിയ മസാല ബോണ്ടുകൾ വഴി 2150 കോടി രൂപയാണ് ലഭിച്ചത്. |
| (ബി) എത്ര ശതമാനം പലിശ നിരക്കിലാണ് ഈ തുക സമാഹരിച്ചത്, എത്ര വർഷമാണ് തുകയുടെ തിരിച്ചടവ് കാലാവധി എന്നീ വിവരങ്ങൾ നൽകുമോ; | 9.723% കൂപ്പൺ റേറ്റിൽ ആണ് പ്രസ്തുത മസാല ബോണ്ടുകൾ വിപണനം ചെയ്യപ്പെട്ടത്. 5 വർഷമാണ് തിരിച്ചടവ് കാലാവധി. അർദ്ധ വാർഷിക അടിസ്ഥാനത്തിൽ പലിശയും കാലാവധിയുടെ അവസാനം മുതലും തിരിച്ചടക്കേണ്ടതായിട്ടുണ്ട്. |
| (സി) നിശ്ചിത സമയത്ത് തുക തിരിച്ചടച്ചാൽ എത്ര കോടി രൂപ പലിശ ഇനത്തിൽ നൽകേണ്ടി വരുമെന്നറിയിക്കുമോ; | തിരിച്ചടവ് കാലാവധിയായ 5 വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലും ഉൾപ്പടെ 3195.23 കോടി രൂപ തിരിച്ചടക്കേണ്ടതായിട്ടുണ്ട്. |
| (ഡി) ബോണ്ടുകൾ വാങ്ങിയ സി.ഡി.പി.ക്യൂ. കമ്പനിക്കാണ് എസ്.എൻ.സി. ലാവലിൻ കമ്പനിയിൽ ഏറ്റവും അധികം ഓഹരി പങ്കാളിത്തമുളളതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | പ്രധാനമായും സർക്കാർ- അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷ്വറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് CDPQ. ലോകമാസകലമുള്ള അറുപതിലേറെ രാജ്യങ്ങളിലായി അനേകായിരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 2018 ഡിസമ്പർ 31 ലെ കണക്കു പ്രകാരം 22,000 കോടി അമേരിക്കൻ ഡോളർ (15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) മൊത്തം ആസ്തി മൂല്യമുണ്ട്. ഇന്ത്യയിൽ ന്യൂഡൽഹിയിലടക്കം പത്തു രാജ്യങ്ങളിൽ ഇവർക്ക് കാര്യാലയമുണ്ട്.<br>കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി CDPQ വിന് SNC ലാവ് ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ്. 2018 ഡിസമ്പർ 31 ലെ കണക്കു പ്രകാരം SNC ലാവ് ലിനിന്റെ 19.9% ഓഹരി CDPQ വിന്റെ കൈവശമുണ്ട്. ക്യൂബെക് സെക്യൂരിറ്റീസ് നിയമം പ്രകാരം, ഒരു കമ്പനിയുടെ താല്പര്യങ്ങളിൽ നിയന്ത്രണം ഉണ്ടെന്ന് |

| | |
|---|---|
| | കരുതാവുന്ന നിക്ഷേപക വിഭാഗത്തിനും താഴെയാണ് എസ്.എൻസി. ലാവ് ലിനിൽ CDPQ വിനുള്ള നിക്ഷേപം. CDPQ അവരുടെ 22,000 കോടി ഡോളർ (ഏകദേശം 15.4 ലക്ഷം കോടി രൂപ) പോർട്ട്ഫോളിയോയിൽ നിന്നുകൊണ്ടു നടത്തിയ ഒരു നിക്ഷേപം മാത്രമാണ് എസ്.എൻ.സി. ലാവ് ലിൻ. |
| (ഇ) ബോണ്ടുകൾ വാങ്ങുന്നതിനു മുൻപ് സി.ഡി.പി.ക്യൂ.വിന്റെ പ്രതിനിധികൾ കേരളത്തിലെത്തി ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയുണ്ടായോയെന്നറിയിക്കുമോ; | മറ്റ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടിങ് സ്ഥാപങ്ങളിൽ നിന്നും വളരെ വ്യത്യസ്തമായ കിഫ്ബിയുടെ ഘടനയും പ്രവർത്തന രീതികളും ഒരു നിക്ഷേപകൻ എന്നുള്ള രീതിയിൽ വിലയിരുത്തുന്നതിനായി സി.ഡി.പി.ക്യൂ എന്ന കമ്പനിയുടെ പ്രതിനിധികൾ കിഫ്ബിയുമായി ചർച്ചകൾ നടത്തുകയുണ്ടായിട്ടുണ്ട്. ഇതുവരെ ഇന്ത്യൻ കമ്പനികൾ ഇഷ്യു ചെയ്ത മസാല ബോണ്ടിൽ നിക്ഷേപം നടത്തിയിട്ടുള്ള എല്ലാ നിക്ഷേപകരുമായും കിഫ്ബി ചർച്ച നടത്തിയിരുന്നു. ലണ്ടൻ, സിംഗപ്പൂർ, ഹോങ് കോങ്ങ്, യു എ ഇ എന്നീ രാജ്യങ്ങളിൽ നടന്ന റോഡ്ഷോകളിൽ നിക്ഷേപകരുടെ അഭിപ്രായങ്ങളും, ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ വ്യവസ്ഥകളും വിലയിരുത്തിയ ശേഷമാണ് ഓഫറിങ് സർക്കുലർ പ്രസിദ്ധീകരിച്ചത്. |
| (എഫ്) സർക്കാർ ഈ ഇടപാടിലൂടെ ലാവലിനെ സഹായിക്കാൻ വഴി തേടുകയാണെന്ന ആക്ഷേപം പരിശോധിക്കുകയുണ്ടായോ; വിശദാംശങ്ങൾ നൽകുമോ? | പ്രധാനമായും സർക്കാർ- അർദ്ധ സർക്കാർ പെൻഷൻ ഫണ്ടുകളും ഇൻഷുറൻസ് ഉല്പന്നങ്ങളും കൈകാര്യം ചെയ്യുന്ന ദീർഘകാല സ്ഥാപനതല നിക്ഷേപകരാണ് CDPQ. ലോകമാസകലമുള്ള അറുപതിലേറെ രാജ്യങ്ങളിലായി അനേകായിരം നിക്ഷേപങ്ങൾ നടത്തിയിട്ടുള്ള ഈ പ്രസ്ഥാനത്തിന് 2018 ഡിസമ്പർ 31 ലെ കണക്കു പ്രകാരം 22,000 കോടി അമേരിക്കൻ ഡോളർ (15.40 ലക്ഷം കോടി ഇന്ത്യൻ രൂപ) മൊത്തം ആസ്തി മൂല്യമുണ്ട്. ഇന്ത്യയിൽ ന്യൂഡൽഹിയിലടക്കം പത്തു രാജ്യങ്ങളിൽ ഇവർക്ക് കാര്യാലയമുണ്ട്. കമ്പനിയുടെ ആഗോള പോർട്ട്ഫോളിയോയുടെ ഭാഗമായി CDPQ വിന് SNC ലാവ് ലിനിലും നിക്ഷേപമുണ്ട് എന്നത് പരസ്യമായി ലഭ്യമായ വിവരമാണ് .<br>2018 ഡിസമ്പർ 31 ലെ കണക്കു പ്രകാരം SNC ലാവ് ലിനിന്റെ 19.9% ഓഹരി CDPQ വിന്റെ കൈവശമുണ്ട്. ക്യൂബെക് സെക്യൂരിറ്റീസ് നിയമം പ്രകാരം, ഒരു കമ്പനിയുടെ താല്പര്യങ്ങളിൽ നിയന്ത്രണം ഉണ്ടെന്ന് കരുതാവുന്ന നിക്ഷേപക വിഭാഗത്തിനും താഴെയാണ് എസ്.എൻസി.ലാവ് ലിനിൽ CDPQ വിനുള്ള നിക്ഷേപം. CDPQ അവരുടെ 22,000 കോടി ഡോളർ (ഏകദേശം 15.4 ലക്ഷം കോടി രൂപ) പോർട്ട്ഫോളിയോയിൽ നിന്നുകൊണ്ടു നടത്തിയ ഒരു നിക്ഷേപം മാത്രമാണ് എസ്.എൻ.സി.ലാവ് ലിൻ. |

| | |
|---|---|
| | യോഗ്യതയുള്ള ഏതെങ്കിലും അധികാര സ്ഥാപനമോ ഗവണ്മെന്റോ അയോഗ്യത കല്പിക്കും വരെ CDPQ വിന് ഏതു കമ്പനിയിൽ നിക്ഷേപമുണ്ടായാലും ശരി അത് അയോഗ്യതയായി കണക്കാക്കാൻ കഴിയുന്നതല്ല. കുറ്റമറ്റ രീതിയിൽ പൊതുപണം കൈകാര്യം ചെയ്യുന്നതിൽ വിശ്വാസ്യത പുലർത്തുന്ന ലോകത്തിലെ ഏറ്റവും വലിയ പെൻഷൻ ഫണ്ട് കമ്പനികളിലൊന്നായ CDPQ എസ്.എൻ.സി ലാവ് ലിൻ കമ്പനിയിൽ പണം മുടക്കി എന്നതുകൊണ്ടുമാത്രം അഭികാമ്യമായ നിക്ഷേപകർ അല്ലാതാകുന്നില്ല.<br>ഭാരതീയ റിസർവ് ബാങ്ക്, സെബി തുടങ്ങിയ നിയന്ത്രണാധികാരമുള്ള സ്ഥാപനങ്ങൾ രൂപപ്പെടുത്തിയ ഭരണനിർവ്വഹണ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ട് ഇന്ത്യയിൽ പ്രവർത്തനം തുടരുന്ന സ്ഥാപനമാണ് CDPQ. എഡിൽവെയ്സ്, കോടക് ബാങ്ക്, ടി.വി.എസ്. ലോജിസ്റ്റിക്സ്, അസൂർ പവർ എന്നിവ പോലുള്ള ഇന്ത്യൻ കമ്പനികളിൽ ഉൾപ്പെടെ 450 കോടി അമേരിക്കൻ ഡോളറിന്റെ (ഏകദേശം 31,500 കോടി രൂപ) നിക്ഷേപം ഈ രാജ്യത്തു നടത്തിക്കഴിഞ്ഞ സ്ഥാപനമാണ് CDPQ എന്ന് ആധികാരിക രേഖകൾ പറയുന്നു. ബ്രിട്ടണിലെ ഹീത്രൂ വിമാനത്താവളം, ആസ്ട്രേലിയയിലെ ബ്രിസ്ബെയിൻ തുറമുഖം, ന്യൂയോർക്ക് സിറ്റിയിലെ വാസകേന്ദ്ര പദ്ധതിയായ സ്റ്റയിവെസന്റ് ടൗൺ / പീറ്റർകൂപ്പർ വില്ലേജ്, നെസ് ലെ പോലുള്ള ബഹുരാഷ്ട്ര വ്യവസായങ്ങൾ തുടങ്ങി ഉന്നത നിലവാരത്തിലുള്ള മുതൽമുടക്ക് ലോകമെമ്പാടും CDPQ നടത്തിയിട്ടുണ്ട്. CDPQ ആസ്ഥാനം നിലനില്ക്കുന്ന ക്യൂബെക് എന്ന കാനഡ പ്രവിശ്യയിൽനിന്നു മാത്രം ബൊംബാർഡിയർ, സിജിഐ, എസ്.എൻസി.ലാവ് ലിൻ തുടങ്ങിയവ ഉൾപ്പെടെ ആഗോള കമ്പോളത്തിൽ സജീവമായി നില്ക്കുന്ന ഏകദേശം 775 കനേഡിയൻ കമ്പനികളിൽ ഈ സ്ഥാപനത്തിന് നിക്ഷേപമുണ്ട്. സുതാര്യമായ നടപടിക്രമത്തലൂടെ കടന്നു വന്ന ഒരു നിക്ഷേപകൻ എന്ന നിലയിൽ മേൽ സൂചിപ്പിച്ച ആക്ഷേപം ശരിയല്ല. |

സെക്ഷൻ ഓഫീസർ